പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1308 — 03/12/2018 ലെ മറുപടി

## സ്കൂൾ കുട്ടികളുടെ എണ്ണത്തിൽ കൃത്രിമത്വം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനായി കുട്ടികളുടെ എണ്ണത്തിൽ കൃത്രിമത്വം കാണിച്ചതായി സൂപ്പർ ചെക്ക് സ്ക്വാഡിന്റെ ഈ അദ്ധ്യായന വർഷത്തെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഈ അധ്യയന വർഷത്തിൽ സൂപ്പർ ചെക്ക് സെൽ മൊത്തം 16 സ്കൂൾ പരിശോധനകളാണ് നടത്തിയത്. (തിരുവനന്തപുരം മേഖല 12, കോഴിക്കോട് 4) തുടർ പരിശോധനകൾ നടത്തി നടപടികൾ പൂർത്തികരിച്ചാൽ മാത്രമേ കൃത്രിമത്വം നടത്തി അധിക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാകൂ. ആലപ്പുഴ ജില്ലയിലെ ലിയോ XIII സ്കൂളിലേയ്ക്ക് പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ 40 കുട്ടികളെ അനുമതിയില്ലാതെ സമ്പൂർണ്ണ സോഫ്റ്റ് വെയർ വഴി മാറ്റി അധിക തസ്തിക സൃഷ്ടിക്കാൻ ശ്രമം നടത്തിയതായി സൂപ്പർ ചെക്ക് സെല്ലിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) കൃത്രിമത്വം കാണിച്ച സ്കൂളിന്റെ പ്രഥമാധ്യാപകർ, മാനേജ്മെന്റ് എന്നിവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; | (ബി) പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ 40 കുട്ടികളെ സമ്പൂർണ്ണ സോഫ്റ്റ് വെയർ വഴി തന്റെ സ്കൂളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിന് ആലപ്പുഴ ലിയോ XIII ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട് |
| (സി) കുട്ടികളുടെ എണ്ണത്തിൽ കൃത്രിമത്വം കാട്ടുന്നത് തടയുന്നതിനായി ആധാർ അധിഷ്ഠിത എൻറോൾമെന്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സ്കൂൾ പ്രവേശന നടപടികൾ നിലവിൽ ആധാർ അധിഷ്ഠിതമായാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ